Draft #1 of File 9927/P&D 2-1/2020/VC SECTION Approved by DEPUTY REGISTRAR (P & D) on 16-Jun-2020 10:41 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാല അധ്യാപകർക്ക് ബാഹ്യ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും വിവിധ ഗവേഷണ പദ്ധതികൾക്കായി ലഭിക്കുന്ന സാമ്പത്തിക സഹായം ഓഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച് 30.04.2020 നു കൂടിയ സിൻഡിക്കേറ്റ് ഓ.എ നം 14/19.03 പ്രകാരം എടുത്ത തീരുമാനം ഉത്തരവായി പുറപ്പെടുവിച്ച ഉത്തരവ് - പരിഷ്കരിക്കുന്നതിന് - മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985 ലെ സെക്ഷൻ 3.10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവാകുന്നു.

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 2**

നമ്പർ. 2581/P&D 2/2020/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 16.06.2020

---

*പരാമർശം:*-1. യു.ഒ. നം. 1937/P&D 2/2019/എം.ജി.യു , തീയതി 08.05.2019

2. രെജിസ്ട്രാർക്കുള്ള കുറിപ്പ് നം. വി.സി.702/01/028/2020 തീയതി 29.02.2020

**ഉത്തരവ്**

പരാമർശം 1 പ്രകാരം സർവ്വകലാശാല അധ്യാപകർക്ക് ബാഹ്യ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും വിവിധ ഗവേഷണ പദ്ധതികൾക്കായി ലഭിക്കുന്ന പണത്തിന്റെ വിനിയോഗ കാലയളവിനു ശേഷം ഫണ്ടിംഗ് ഏജൻസിക്ക് സമർപ്പിക്കേണ്ട വിനിയോഗ സാക്ഷ്യപത്രം സർവ്വകലാശാല അംഗീകരിച്ച ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിച്ച സ്റ്റേറ്റ്മെന്റിനൊപ്പം സമർപ്പിക്കാവുന്നതാണെന്നും ഇതിനു സർക്കാർ/സർവ്വകലാശാല ഓഡിറ്റ് നിർബന്ധമാക്കേണ്ടതില്ലെന്നും 19.04.2019 ൽ കൂടിയ സിണ്ടിക്കേറ്റ് യോഗം തീരുമാനിക്കുകയും ടി. തീരുമാനം സർവ്വകലാശാല ഉത്തരവായി പുറത്തിറങ്ങുകയും ചെയ്തിട്ടുണ്ട്.

പരാമർശം 1 ഉത്തരവിൽ പറഞ്ഞിരിക്കുന്ന ബാഹ്യ ഫണ്ടിംഗ് ഏജൻസികളുടെ പരിധിയിൽ കേന്ദ്ര/സംസ്ഥാന സർക്കാർ അധീനതയിൽ ഉള്ളതും, കേന്ദ്ര / സംസ്ഥാന പൊതുമേഖല/സ്വകാര്യ ഫണ്ടിംഗ് ഏജൻസികളും ഉൾപ്പെടുന്നതാണെന്നും ഇതിന്റെ പരിധിയിൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന ഗവേഷണ പദ്ധതികൾ ഉൾപ്പെടുന്നതല്ലെന്നും ബഹു. വൈസ് ചാൻസലർ പരാമർശം 2 പ്രകാരം ഉത്തരവ് നൽകിയിരിക്കുന്നു.കൂടാതെ ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ടിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്/സ്റ്റേറ്റ്മെൻറ് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർക്ക് താമസംവിനാ നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിരിക്കുന്നു.പരാമർശം 1 പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം പരിഷ്ക്കരിച്ചിരിക്കുന്നതിന് മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985 ലെ സെക്ഷൻ 3.10(17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവാകുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വി.സി./ പി.വി.സി . എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ

4. ഫിനാൻസ് IV / ആഡിറ്റ് I / ആഡിറ്റ് V

5. എ.സി.സി. സെക്ഷൻ

6. കെ.എസ്.എ. ഡി .

7. സി.എം.എസ്. / ഐ.ക്യു.എ.സി. / സ്റ്റാറ്റിറ്റിക്സ് യൂണിറ്റ്

8 . റെക്കോർഡ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

Draft #1 of File 9927/P&D 2-1/2020/VC SECTION Approved by DEPUTY REGISTRAR (P & D) on 16-Jun-2020 10:41 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം